ശ്രീ. ടി. പി. എം. സാഹിർ : സർ, വികസനവുമായി ബന്ധപ്പെട്ട് ഒരുപാട് കടലാസുകൾ വേണ്ട ആഫീസാണ് സർവ്വേ ഡിപ്പാർട്ടുമെന്റ്. പക്ഷേ വികസനംതന്നെ മുട്ടിനിൽക്കുന്ന ഒരു ഗതികേടിലാണ് ഇന്ന് കേരളമൊട്ടാകെയുള്ളത്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ലൈസൻസ്ഡ് രജിസ്ട്രേഷൻ സർവ്വേ ആൾക്കാരുണ്ട്. അതുപോലെ എം.എൽ.എ.മാരുടെയും മറ്റും റോഡുകൾ ചെയ്താൽ അത് സർവ്വേ ചെയ്ത് റിക്കാർഡ് വകുപ്പിൽ ലഭിക്കുന്നതിന് പ്രൈവറ്റ് ആൾക്കാരെ നിയമിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർവ്വേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് റീസർവ്വേ മാത്രമല്ല ചെയ്യേണ്ടത്. സർവ്വേ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഇപ്പോൾ അവരെ ഏൽപ്പിക്കുന്നുണ്ട്. പി.ഡബ്ല്യൂ.ഡി. യുടെ പുതിയ വികസന പദ്ധതികളെല്ലാം തന്നെ, എം.സി. റോഡ്, എം. ജി. റോഡ് അതൊക്കെ വിപുലമായ പദ്ധതികളാണ്. അവിടെയും സർവ്വേ ഡിപ്പാർട്ടുമെന്റിലെ സർവ്വേയേഴ്സിനെയാണ് അയയ്ക്കാൻ പറയുന്നത്. അതുപോലെ ലാന്റ് അക്വിസിഷൻ അതിനുള്ള കാര്യങ്ങൾക്കും സർവ്വേയേഴ്സിനെ അയയ്ക്കുന്നുണ്ട്. ഇവരെ ഏല്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട ജോലി വിട്ട് മറ്റ് കാര്യങ്ങളും കൂടി ഇവർ ചെയ്യുന്നതുകൊണ്ട് ഇവിടെ കുറെ താമസം വരുന്നുണ്ട്.

Mr.speaker : You have done well on behalf of the Revenue Minister.

(ചോദ്യകർത്താക്കൾ ഹാജരില്ലാതിരുന്നതിനാൽ *384-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലന പരിപാടി

4 (*385) ശ്രീ. മത്തായി ചാക്കോ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിഷ്ക്കരിച്ച പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലനം ഈ വർഷം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരിശീലന പരിപാടി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം പരിശീലന പരിപാടി വൈകിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യയനം ആരംഭിച്ചതിനുശേഷം പരിശീലന പരിപാടി നടത്തുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ഉണ്ട്.

(ബി) അദ്ധ്യാപക പരിശീലന പരിപാടി ആഗസ്റ്റ് 2003-ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പരിശീലന പരിപാടികൾ വൈകിയിട്ടില്ല.

(ഡി) പരിശീലന പരിപാടികൾ വെക്കേഷൻ കാലത്തും അല്ലാതെയും നൽകേണ്ടിവരും. എസ്.എസ്.എ. പദ്ധതി പ്രകാരം ഒരു അദ്ധ്യാപകന് ഒരു വർഷത്തിൽ 20 ദിവസത്തോളം പല അവസരങ്ങളിലായി പരിശീലനം നൽകാൻ നിർദ്ദേശിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വെക്കേഷൻ സമയത്ത് മാത്രമായി പരിശീലന പരിപാടികൾ നിജപ്പെടുത്താൻ പ്രയാസമാണ്.

(ഇ) ഒരു സ്ക്കൂളിൽനിന്ന് ഒരു സമയം ഒന്നിൽ കൂടുതൽ അദ്ധ്യാപകരെ പരിശീലനത്തിന് അയയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പഠനത്തെ യാതൊരു കാരണവശാലും ബാധിക്കാത്ത രീതിയിൽ പരിശീലന പരിപാടി ക്രമീകരിക്കും.

ശ്രീ. മത്തായി ചാക്കോ : സർ, സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ച സർവ്വശിക്ഷാ അഭിയാൻ എന്ന് പറയുന്ന പദ്ധതി ഒരു വ്യവസ്ഥയും ഇല്ലാതെ മുന്നോട്ടുപോവുകയാണ്. സെമിനാറുകൾ, സിമ്പോസിയങ്ങൾ, ചർച്ചകൾ, യോഗങ്ങൾ..... സ്ക്കൂളിൽ അദ്ധ്യാപകൻമാർക്ക് പഠിപ്പിക്കാൻ നേരമില്ലയെന്നുള്ളതാണ് വസ്തുത. ഇതിന്റെ ഭാഗമായി വലിയ തോതിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നത് സംബന്ധിച്ച് വലിയ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇതിന് വല്ല വ്യവസ്ഥകളും ഉണ്ടോ ; പ്രാദേശിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായിട്ട് ഇതിന്റെ നടത്തിപ്പിന് യാതൊരു ബന്ധവുമില്ല എന്നുള്ള അവസ്ഥ വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, എസ്.എസ്.എ. പദ്ധതി നമ്മുടെ സംസ്ഥാനത്ത് വളരെ വ്യവസ്ഥാപിതമായിത്തന്നെയാണ് നടക്കുന്നത്. അതിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച ഗൈഡ്ലൈൻസ് ഉണ്ട്. ആ ഗൈഡ്ലൈൻസ് അനുസരിച്ചാണ് ഇവിടെ അദ്ധ്യാപകരുടെ നിയമനവും അവർക്ക് കൊടുക്കുന്ന ട്രെയിനിംഗ് നടപടിയും മറ്റ് സംവിധാനവും ഒക്കെ നടത്തുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ശരിയല്ല. ആ അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നത് ഭംഗിയല്ല. കഴിഞ്ഞ കാലത്ത് ഡി.പി.ഇ.പി. നടന്നതുപോലെ ഏതായാലും എസ്.എസ്.എ. നടക്കുന്നില്ല എന്ന് ഈ സഭയെ ബോദ്ധ്യപ്പെടുത്താൻ എനിക്ക് സന്തോഷമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ, എസ്.എസ്.എ.യുടെ ഭാഗമായിട്ട് സ്ക്കൂളുകളിൽ കെട്ടിടം നന്നാക്കുന്നതിനുവേണ്ടി ഫണ്ട് കൊടുക്കുന്നുണ്ട്. സാധാരണഗതിയിൽ പ്രാദേശികമായി ഏല്പിച്ചുകൊടുത്ത് സ്ക്കൂളുകളിൽ പഞ്ചായത്തുകൾക്കോ ബ്ളോക്കുകൾക്കോ ജില്ലാ പഞ്ചായത്തിനോ ഒരു നിയന്ത്രണവുമില്ലാത്ത രൂപത്തിലേയ്ക്ക് ഇതിനു നിശ്ചയിച്ചിട്ടുള്ള കോ ഓർഡിനേറ്റർമാർ ഏകപക്ഷീയമായിട്ട് സ്ക്കൂളുകൾ തെരഞ്ഞെടുക്കുന്ന അനുഭവം പല സ്ഥലത്തുമുണ്ട്.

മി. സ്പീക്കർ : ഇത് പരിശീലന പരിപാടിയല്ലെ ?

ശ്രീ. മത്തായി ചാക്കോ : സർ, പരിശീലനവുമായി ബന്ധപ്പെട്ടതാണ്.

മി. സ്പീക്കർ : എന്ത് ബന്ധമാണെന്ന് പറഞ്ഞ് മനസ്സിലാക്കിത്തരൂ.

ശ്രീ. മത്തായി ചാക്കോ : സർ, എസ്. എസ്. എ.-യുടേതാണ്.

മി. സ്പീക്കർ : ഒരു ബന്ധവുമില്ല.

ശ്രീ. മത്തായി ചാക്കോ : സർ, അതുകൊണ്ട് പ്രാദേശിക സ്ഥാപനങ്ങൾക്ക് പങ്കാളിത്തം കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, എസ്.എസ്.എ. സ്കീമിൽ ജില്ലാപഞ്ചായത്തുകൾക്ക് കൊടുത്തത് 33 ശതമാനം സിവിൽ വർക്കുകളാണ്. ആ സിവിൽ വർക്കുകൾ എൽ.പി. - യു.പി. സ്ക്കൂൾ കെട്ടിടങ്ങൾ ഉണ്ടാക്കുന്നത്, ഒരു കമ്മിറ്റിയാണ്. ജില്ലാ പഞ്ചായത്തുതന്നെയാണ്, ബന്ധപ്പെട്ട ആളുകൾ കൂടിയ കമ്മിറ്റിയാണ്, ഡി.പി..സി. യാണ് അതിന് ശുപാർശ ചെയ്യുന്നത്. അതിൽ പ്രത്യേകമായി ജില്ല കോ-ഓർഡിനേറ്റർമാർക്ക് പ്രത്യേകമായ അവിഹിതമായ സ്വാധീനമൊന്നുമില്ല. കമ്മിറ്റി നിശ്ചയിക്കുന്നതനുസരിച്ചാണ് അതിന് പ്രയോറിട്ടി നിശ്ചയിച്ച് കൊടുക്കുന്നത്. ജില്ലാപഞ്ചായത്തുകളാണ് ചെയ്യേണ്ടത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, പുതുക്കിയ പാഠ്യപദ്ധതിയനുസരിച്ചുള്ള സിലബസ് അനുസരിച്ചാണ് ഈ പരിശീലനം നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ ഈ വിദ്യാഭ്യാസ വർഷം പല ക്ലാസുകളിലേയ്ക്കുമുള്ള പാഠപുസ്തകങ്ങൾ എത്തിക്കഴിഞ്ഞിട്ടുപോലുമില്ല. ഈ സന്ദർഭത്തിൽ ആഗസ്റ്റ് മാസത്തോടുകൂടി പരിശീലനപരിപാടി പൂർത്തിയാക്കുമെന്ന് അങ്ങ് പറയുന്നതിൽ യാതൊരു യുക്തിയും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പരിശീലന പരിപാടി കൃത്യമായിട്ട് എന്ന് ആരംഭിച്ചിട്ടുണ്ട് എന്നേയ്ക്ക് തീരും എന്ന് അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. നാലകത്ത് സൂപ്പി : സർ, അദ്ധ്യാപക പരിശീലനം നാല് ഘട്ടങ്ങളിലായിട്ടാണ് സംസ്ഥാനത്ത് നടന്നത്.ഏപ്രിൽ മാസത്തിൽ എന്തുകൊണ്ട് നടത്തിക്കൂടെ എന്നതാണ് ചോദ്യം. ഏപ്രിൽ മാസം അവസാനംവരെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റീവാല്യൂവേഷനാണ്. അത് കഴിഞ്ഞ് മെയ് മുതലേ പരിശീലനം ആരംഭിക്കാൻ സാധിക്കുകയുള്ളു.

ഈകൊല്ലം ഒമ്പതാം ക്ലാസിലെ പാഠ്യപദ്ധതി പരിഷ്ക്കരിച്ചതനുസരിച്ച് 5 ദിവസത്തെ പരിശീലനം മെയ് 26 ന് ആരംഭിച്ചു. ഒന്നാംഘട്ട പരിശീലന പദ്ധതി എന്ന നിലയ്ക്ക് 'കോർ എസ്.ആർ.വി. ട്രെയിനിംഗ്' തുടങ്ങി. അതിനുവേണ്ട മെറ്റീരിയൽസ് വിതരണം ചെയ്തു. 70 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. എല്ലാ പാഠ്യപുസ്തകങ്ങളും സ്ക്കൂളുകളിൽ എത്തിച്ചുകഴിഞ്ഞു. ഒരിടത്തും പാഠപുസ്തകം കിട്ടിയില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നാല് ഘട്ടങ്ങളിലായി നടത്തുന്ന പരിശീലനം ആഗസ്റ്റ് മാസത്തോടെ അവസാനിക്കും. 26-5-2003 മുതൽ 30-5-2003 വരെയും 16.6.2003 മുതൽ 20.6.2003 വരെയും നടത്തിക്കഴിഞ്ഞു. ഇനി 30-6-2003 ന്റെ പരിശീലന പരിപാടി 4-7-2003 ൽ പൂർത്തിയാകും. ഇതുവരെയായി 27,794 അദ്ധ്യാപകർക്ക് നാല് ഘട്ടങ്ങളിലായി പരിശീലനം കൊടുത്തുകഴിഞ്ഞു. ഒമ്പതാം ക്ളാസിലെ പരിഷ്ക്കരിച്ച പാഠ്യപദ്ധതിയനുസരിച്ച് ഒരു സ്ക്കൂളിൽ ഒരു വിഷയത്തിന് ശരാശരി രണ്ട് അദ്ധ്യാപകർക്ക് വീതം പരിശീലനം നൽകിക്കഴിഞ്ഞു. ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിലെ പരിഷ്ക്കരിച്ച പാഠ്യപുസ്തകങ്ങൾക്കുള്ള സമീപനവും മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് നിശ്ചിതസമയത്തുതന്നെ പൂർത്തിയാക്കാൻ സാധിക്കണമെന്നാണ് ഇന്നത്തെ ഷെഡ്യൂൾ അനുസരിച്ച് തീരുമാനിച്ചിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാറ്റലൈറ്റ് സഹായത്തോടെയുള്ള ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം

5 (*384) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ 'സാറ്റലൈറ്റ്' സഹായത്തോടെയുള്ള ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഏർപ്പെടുത്താൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്ന് അറിയിക്കാമോ ;

(സി) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly